# <u>പത്രക്കുറിപ്പ്</u>

## കുപ്രസിദ്ധ ഗുണ്ട എബിൻ പെരേര (മംഗൽപാണ്ഡെ) കാപ്പാ നിയമപ്രകാരം അറസ്റ്റിൽ

കുപ്രസിദ്ധ ഗുണ്ടയായ എബിൻ പെരേര (മംഗൽ പാണ്ഡെ) ഗുണ്ടാ നിയമപ്രകാരം അറസ്റ്റിലായി മുണ്ടക്കൽ വില്ലേജിൽ പെരുമ്പള്ളി തെക്കതിൽ ഇർവിൻ പെരേര മകൻ  മംഗൽ പാണ്ഡെ എന്നറിയപ്പെടുന്ന എബിൻപെരേര യെയാണ് ഇരവിപുരം പോലീസ് അറസ്റ്റ് ചെയ്തത്.



കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഇരവിപുരം, കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ് സ്റ്റേഷനുകളിലായി 10 കേസുകളിൽ പ്രതിയാണ്. കേസുകളെല്ലാം തന്നെ ആയുധം കൊണ്ട് മാരകമായ ദേഹോപദ്രവം ഏൽപ്പിക്കൽ, കൊലപാതകശ്രമം, നരഹത്യാശ്രമം തുടങ്ങിയ വകുപ്പുകൾക്ക് രജിസ്റ്റർ ചെയ്തതാണ്. ഇരവിപുരം പോലീസ് ഇൻസ്പെക്ടർ അജിത്കുമാറിനെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതിന് ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നൽകിയ റിപ്പോർട്ടിന്മേലാണ് ജില്ലാ കളക്ടർ കരുതൽ തടങ്കലിന് ഉത്തരവ് പുറപ്പെടുവിച്ചത്. കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവി പി. കെ മധു ഐപിഎസ് ന്റെ നിർദ്ദേശപ്രകാരം കൊല്ലം എസിപി പ്രദീപ് കുമാർ, ഇരവിപുരം പോലീസ് ഇൻസ്പെക്ടർ അജിത് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് അറസ്റ്റ് ചെയ്തത്.

(ഒപ്പ്)

കൊല്ലം — കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്കുവേണ്ടി

27.12.2019 .